*“നിനക്കൊരു ദിവസം എന്തുകിട്ടും?” (കടത്തുകാരൻ പയ്യനോട് പവിത്രൻ ചോദിച്ചു).*

*“ചെലപ്പം പത്തും പതിനഞ്ചും റുപ്യ കിട്ടും. ചെലപ്പം ഒന്നും കിട്ടില്ല. അന്ന് ഞാനൊരു മൂളിപ്പാട്ടും പാടി കുടീല് പൂവും. ന്റെ മൂളിപ്പാട്ടു കേട്ടാൽ ഉമ്മക്ക് മനസ്സിലാവും കൈയിൽ കായൊന്നും ഇല്ലാന്ന്.”*

*“ഉമ്മാനെ അറീക്കാനാണോ പാടുന്നത്?”*

*‘‘ഞാൻ ഒന്നൂല്ലാത്തോനാണല്ലോന്നോർക്കാണ്ടിരിക്കാൻ. അതിന്റെ സങ്കടം ഇല്ലാണ്ടിരിക്കാൻ. ബയറ്റിലെ പയിപ്പ് അറിയാണ്ടിരിക്കാൻ. എന്നോടുതന്നെ ദേഷ്യം തോന്നാണ്ടിരിക്കാൻ.”*

*കലയുടെ പൊരുൾ ഇതേക്കാൾ നന്നായി ആരും നിർവചിച്ചിട്ടില്ലെന്ന് പവിത്രനു തോന്നി. കാലം കഴിയുമ്പോൾ അവനാ പാട്ടിൽ തീപ്പൊരി ചേർക്കാതിരിക്കില്ല.*

ബാബു ഭരദ്വാജിന്റെ “കബനീ നദി ചുവന്നത്” എന്ന നോവലിൽനിന്ന്.

*** *** *** ***



# കല ജീവിതത്തെ തൊടുന്നത്

ലേഖനം ● **മുഹമ്മദ് ശമീം**

*അന്ന് ഉച്ചതിരിഞ്ഞ് ജോൺസി സന്തോഷത്തോടെ കട്ടിലിൽ കിടന്ന് ഒരു കടുംനീല കമ്പിളി തുന്നിക്കൊണ്ടിരിക്കുമ്പോൾ സ്യൂ കിടക്കയ്ക്കരികിൽ വന്ന് അവളെ ചേർത്തു പിടിച്ചു:*

*“എനിക്ക് നിന്നോടൊരു കാര്യം പറയാനുണ്ട്. മി. ബെർമാൻ ഇന്ന് ആസ്പത്രിയിൽ വച്ച് ന്യുമോണിയ ബാധിച്ചു മരിച്ചു. രോഗം തുടങ്ങിയിട്ട് രണ്ടു ദിവസമേ ആയുള്ളു. ആദ്യദിവസം രാവിലെ അസഹ്യവേദനയോടെ അദ്ദേഹം മുറിയിൽ കിടക്കുന്നത് കാവൽക്കാരൻ കണ്ടു. ഷൂസും വസ്ത്രങ്ങളും മഞ്ഞുകട്ടപോലെ തണുത്തിരുന്നു. ഇത്ര ഭീകരമായ ഒരു രാത്രിയിൽ അദ്ദേഹമെവിടെയായിരുന്നുവെന്നവർക്കു മനസ്സിലായില്ല. അപ്പോഴാണവർ കണ്ടത്, അപ്പോഴും കത്തിക്കൊണ്ടിരുന്ന ഒരു റാന്തൽ വിളക്കും സ്ഥാനം തെറ്റിക്കിടക്കുന്ന ഒരു ഏണിയും ചിതറിക്കിടക്കുന്ന കുറേ ബ്രഷുകളും പച്ചയും മഞ്ഞയും ചായങ്ങൾ കൂട്ടിക്കലർത്തിയ ചായപ്പലകകകളും. ജനാലയിലൂടെ നീയൊന്നു പുറത്തേക്കു നോക്കൂ; ചുവരിലെ വളളിയിൽ അവസാനത്തെ ഇലയിലേക്ക്. കാറ്റടിക്കുമ്പോളത് ആടുകയോ അനങ്ങുകയോ ചെയ്യാത്തതെന്തെന്ന് നിനക്ക് തോന്നിയിട്ടില്ലേ? പ്രിയപ്പെട്ടവളേ, അതാണ് ബെർമാന്റെ മാസ്റ്റർപീസ്. അവസാനത്തെ ഇല കൊഴിഞ്ഞ രാത്രിയിൽ അദ്ദേഹമവിടെയത് വരച്ചുവെച്ചു.”*

ഒ. ഹെൻട്രിയുടെ The Last Leaf എന്ന ചെറുകഥയിൽനിന്ന്.

*** *** *** ***

**വഴിവിട്ട സർഗാത്മകത കേവലം അലക്ഷ്യമായകലുകയും അതുമൂലം ജീവിതത്തെപ്പറ്റി നിഷേധാത്മകമായ വിചാരങ്ങൾ പ്രചരിപ്പിക്കുകയും ചെയ്യുന്നു. ചിലപ്പോൾ ഒരു പ്രതിബദ്ധതയുമില്ലാത്ത വെറും വർത്തമാനങ്ങളിൽ അത് ആനന്ദം കണ്ടെത്താൻ ശ്രമിക്കുന്നു. ക്രിയാത്മകമാകേണ്ട മനുഷ്യശേഷി ഇന്നിലയിൽ നിഷ്പ്രയോജകമോ നിഷേധാത്മകമോ ആവാതിരിക്കാൻ ഖുർആൻ നിർദേശിക്കുന്ന മാർഗങ്ങളിൽ ഒന്നാമത്തേത് സമഗ്ര നന്മയിലേക്കുള്ള ഖുർആനിക മാർഗദർശനത്തെ ഉൾക്കൊള്ളുകയെന്നതാണ്.**

പ്രകൃതിയെ രൂപപ്പെടുത്തുന്നവൻ, അഥവാ പ്രവർത്തന നിരതൻ എന്ന നിലയിൽ മനുഷ്യൻ അനുഷ്ഠിക്കുന്ന കർമത്തിന്റെ സൃഷ്ടിയായി കലയെ റൊഷേർ ഗരോദി(റജാ ഗരോഡി) നിർവചിച്ചിട്ടുണ്ട് (*മാർക്സിസവും കലയും* എന്ന പ്രബന്ധം). മാനുഷികമായ ആത്മീയാവശ്യത്തിന്റെ നിർവഹണമാണ് കല എന്നും അദ്ദേഹം പറയുന്നു. പരിവർത്തനോന്മുഖമായ മനുഷ്യന്റെ, ചരിത്രത്തെ രൂപപ്പെടുത്തുന്നവന്റെ ഏറ്റവും വലിയ ആയുധമാണ് അവന്റെ സർഗശേഷി. കേവല ഭൗതികവാദത്തിന് മനുഷ്യന്റെ സർഗാത്മകതയെ വിവരിക്കാനാവില്ല. മുതലാളിത്ത ഭൗതികതയാവട്ടെ, മനുഷ്യന്റെ സർവ ചോദനകളുടെയും ലക്ഷ്യം ഭോഗാസക്തിയുടെ പൂരണം എന്നു നിർണയിക്കുന്നു.

സർഗാത്മകതയുടെ വീര്യത്തെ മതം അറിയുകയും പ്രോത്സാഹിപ്പിക്കുകയും സാമൂഹിക നന്മക്കായി ഉപയോഗപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സർഗശേഷിയുടെ സാമൂഹിക ലക്ഷ്യത്തെപ്പറ്റി മാർക്സിസവും ബോധവത്തായിരുന്നു. മനുഷ്യന്റെ കായികവും മാനസികവുമായ ഊർജത്തിന്റെ ഏതു വകഭേദവും എന്നപോലെതന്നെ അവന്റെ സർഗശേഷിയും ശരിയായ മാർഗദർശനത്തിന്റെ അഭാവത്തിൽ വഴിതെറ്റും എന്നതുകൊണ്ടുതന്നെ പ്രവാചകന്മാരും ആത്മീയാചാര്യന്മാരും ആവിഷ്കാരങ്ങളിലെ ധർമാധർമങ്ങളെ വേർതിരിക്കാൻ ശ്രമിച്ചിട്ടുണ്ട്. ഭരണാധികാരികൾക്കും സാംസ്കാരിക നേതാക്കൾക്കും കൺഫ്യൂചിസ് നൽകുന്ന ഉപദേശം ഇങ്ങനെ: "ഹ്സിയാ പഞ്ചാംഗം സ്വീകരിക്കുക. യിന്നിന്റെ രാജകീയ രഥമുപയോഗിക്കുകയും ചൗവിന്റെ തൊപ്പി ധരിക്കുകയും ചെയ്യുക. സംഗീതത്തിൽ ഷാവോ ശൈലി ഉൾക്കൊളളുകയും ചെങ്ങിന്റെ ഗാനങ്ങളെ ബഹിഷ്കരിക്കുകയും ചെയ്യുക." കൃഷിയിലും നാഗരിക ജീവിതത്തിലും ലളിതവും ഋജുവുമായ വഴികാണിക്കുന്ന സാങ്കേതിക വിദ്യയാണ് ഹ്സിയാ പഞ്ചാംഗം. യിന്നിന്റെ രഥം കുതിരച്ചമയങ്ങളില്ലാത്തതും സാധാരണ തടികൊണ്ട് നിർമിച്ചതുമായ രഥവും ചൗവിന്റെ തൊപ്പി ലളിതമായ ശിരോകവചവുമാണ്. അന്തസ്സുള്ള അംഗവിക്ഷേപത്തോടും ക്രമാനുഗതികത്വത്തോടും കൂടിയതാണ് സംഗീതത്തിലെ ഷാവോ ശൈലി. ചെങ്ങിന്റെ ഗാനങ്ങളാകട്ടെ, ക്രമരഹിതവും ആസക്തവും മൃഗീയ ചലനങ്ങളോടു കൂടിയതുമത്രേ. ജീവിതം, ശാസ്ത്രം, ഭരണം, കല എന്നിവയെ സമഗ്രമായെടുത്തുകൊണ്ടുള്ള ഉപദേശത്തിൽ കൺഫ്യൂചിസ് കലയുടെ നെല്ലും പതിരും വേർതിരിച്ചു കാണിക്കുകയും കൂടി ചെയ്യും.

ഇപ്രകാരം കവികളെക്കുറിച്ചുള്ള ഖുർആനിക പരാമർശവും വായിക്കാൻ സാധിക്കും: "എന്നാൽ കവികളുണ്ടല്ലോ, അവരുടെ പിന്നാലെ കൂടുന്നത് പിഴച്ചുപോയവരാകുന്നു. ആ കവികൾ സകല താഴ്‌വാരങ്ങളിലും അലഞ്ഞുതിരിയുന്നതും പ്രവർത്തിക്കാത്തത് പറയുന്നതും നീ കാണുന്നില്ലേ? വിശ്വസിച്ചവരും സൽക്കർമനിരതരായവരും അല്ലാഹുവിനെ ഏറെ സ്മരിച്ചവരും ആക്രമിക്കപ്പെടുമ്പോൾ പ്രതിരോധിച്ചവരുമൊഴികെ. അക്രമികളോ, അവർ ഏതൊരു പരിണതിയെയാണ് നേരിടാൻ പോകുന്നതെന്ന് അടുത്തുതന്നെ അറിയും" (*അശ്ശുഅറാഅ്* 224-227).

വഴിവിട്ട സർഗാത്മകത കേവലം അലക്ഷ്യമായകലുകയും അതുമൂലം ജീവിതത്തെപ്പറ്റി നിഷേധാത്മകമായ വിചാരങ്ങൾ പ്രചരിപ്പിക്കുകയും ചെയ്യുന്നു. ചിലപ്പോൾ ഒരു പ്രതിബദ്ധതയുമില്ലാത്ത വെറും വർത്തമാനങ്ങളിൽ അത് ആനന്ദം കണ്ടെത്താൻ ശ്രമിക്കുന്നു. ക്രിയാത്മകമാകേണ്ട മനുഷ്യശേഷി ഇന്നിലയിൽ നിഷ്പ്രയോജകമോ നിഷേധാത്മകമോ ആവാതിരിക്കാൻ ഖുർആൻ നിർദേശിക്കുന്ന മാർഗങ്ങളിൽ ഒന്നാമത്തേത് സമഗ്ര നന്മയിലേക്കുള്ള ഖുർആനിക മാർഗദർശനത്തെ ഉൾക്കൊള്ളുകയെന്നതാണ്. ശേഷം സൽക്കർമനിരതരാവുക. ദൈവസ്മരണയിൽ മുഴുകുകയെന്നതും, അക്രമത്തെയും അധിനിവേശത്തെയും പ്രതിരോധിക്കാൻ സർഗശേഷി വിനിയോഗിക്കുക എന്നതും തുടർന്ന് പറയുന്നു.

സാങ്കേതികമായി ഇതു നാലും തികച്ചും അംഗീകരിക്കുന്നവരിൽനിന്ന് അഥവാ ഖുർആൻ വിവരിക്കുന്ന വിശ്വാസ കർമപാഠങ്ങൾ പൂർണമായും സമ്മതിച്ചനുഷ്ഠിക്കുന്നവരിൽനിന്ന് മാത്രമേ ഗുണവത്തായ സർഗാവിഷ്കാരങ്ങളുണ്ടാവൂ എന്ന് ഇതിനിർഥമില്ല. താൻ വിളംബരം ചെയ്തിട്ടുള്ള സന്മാർഗിക നിർദേശങ്ങളെ അന്നിലക്ക് അംഗീകരിച്ചിട്ടില്ലാത്ത ഒരു സമകാലിക കവിയുടെ കവിത കേട്ടപ്പോൾ പ്രവാചകൻ ഇങ്ങനെ പ്രതികരിച്ചത്രെ: "അദ്ദേഹത്തിന്റെ കവിത വിശ്വസിച്ചിരിക്കുന്നു, ഹൃദയം അവിശ്വസിക്കുന്നെങ്കിലും." ജാഹിലിയ്യാ കാലത്തെ പ്രശസ്ത കവിയായ സുഹൈർബ്നു അബീസുൽമായെക്കുറിച്ചും ഖുസ്സ്ബ്നു സാഇദത്തിൽ ഇയാദി എന്ന തത്ത്വജ്ഞാനിയെക്കുറിച്ചുമൊക്കെ പ്രവാചകൻ മതിപ്പോടെ സംസാരിച്ചിരുന്നതായും പറയപ്പെടുന്നുണ്ട്.

വിശ്വാസം, നന്മ, ധ്യാനം, സമരം എന്നിവയിലൂടെയാണ് കവിതയും മറ്റ് ആവിഷ്കാരങ്ങളും ഉജ്വലമാവുകയെന്ന പ്രഖ്യാപനത്തിലൂടെ കലയുടെ വൈയക്തികവും സാമൂഹികവുമായ ലക്ഷ്യങ്ങളെ ഖുർആൻ കൃത്യമായി അടയാളപ്പെടുത്തുകയാണ്. ജീവിതത്തോടുള്ള സ്നേഹം, മനുഷ്യനിലുള്ള വിശ്വാസം, പ്രതീക്ഷ തുടങ്ങിയവ ഖുർആന്റെ അധ്യാപനങ്ങളിൽപെട്ടതാണ്. ഈ സ്നേഹവും പ്രതീക്ഷയുമൊക്കെ കലാ സാഹിത്യങ്ങളിലും ഉണ്ടാവേണ്ടതാണ്. പ്രതീക്ഷയിൽനിന്നാണ് വിപ്ലവമുണ്ടാവുക.

പ്രസിദ്ധ റഷ്യൻകവി യെവ്തുഷെങ്കോവിന്റെ ഒരനുഭവം എം.ടി വാസുദേവൻ നായർ ഉദ്ധരിക്കുന്നുണ്ട് (ഡോ. എക്സെൽ മുൻതേയുടെ സാൻമിഷേലിന്റെ കഥ എന്ന പുസ്തകത്തിന്റെ മലയാള വിവർത്തനത്തിനെഴുതിയ അവതാരികയിൽ). ചെറുപ്പക്കാരനായിരിക്കെ, ആദ്യമായി പ്രസിദ്ധീകരിക്കപ്പെട്ട തന്റെ കവിതാസമാഹാരത്തെപ്പറ്റി ഒരു പുസ്തകക്കടയിൽ വന്ന ഭാര്യയും ഭർത്താവും നടത്തുന്ന സംഭാഷണം യെവ്തുഷെങ്കോ കേൾക്കാനിടയായി. ആശുപത്രിയിൽ കഴിയുന്ന സുഹൃത്തിന് സമ്മാനമായി പുതിയ ഈ കവിതാസമാഹാരം നൽകാമെന്ന് ഭാര്യ പറഞ്ഞപ്പോൾ, നാം രോഗബാധിതനായ ഒരാളെ കാണാനാണ് പോകുന്നതെന്നും അങ്ങനെയൊരാൾക്ക് ജീവിതത്തിൽ വിശ്വാസം വളർത്തുന്ന പുസ്തകം വേണം നൽകാനെന്നും ഇതിലെ കവിതകൾ മുമ്പ് വായിച്ചിട്ടുള്ളതിൽനിന്ന് തനിക്കങ്ങനെയൊരു അനുഭവമുണ്ടായിട്ടില്ലെന്നും ഭർത്താവ് പ്രതിവചിച്ചത് അദ്ദേഹം കേട്ടു. അന്ന് രാത്രി, തനിക്ക് റോയൽറ്റിയായി ലഭിച്ച റൂബിളുകൾ അദ്ദേഹം മോസ്ക്വാ നദിയിലെറിഞ്ഞത്രെ.

വിഖ്യാത ചലച്ചിത്രകാരനായ അകിരാ കുറോസാവ തന്റെ റാഷമോൺ എന്ന മഹത്തായ ചലച്ചിത്രത്തിന് പ്രമേയമുൾക്കൊണ്ടത് റിയുനോസുകി അകുതഗാവയുടെ രണ്ട് ചെറുകഥകളിൽനിന്നാണ്. അതിലൊന്നിൽ ക്ഷാമകാലത്ത് അന്യായമായി പിരിച്ചുവിടപ്പെട്ട് പട്ടിണിയിലായ ഒരു തൊഴിലാളിയുടെ മനസ്സിൽ, തന്നോടു മാന്യത കാണിക്കാത്ത ലോകത്ത് താൻ കള്ളനായി മാറുകയാണോ അതോ ഇനിയും മാന്യമായി ജീവിക്കാൻ ശ്രമിക്കുകയാണോ ചെയ്യേണ്ടതെന്ന സംഘർഷം വളരുന്നതായി

നാം വായിക്കുന്നു. ശവശരീരങ്ങളുടെ മുടി പിഴുത് തിരുപ്പനുണ്ടാക്കി വിൽക്കുന്ന ഒരു കിഴവിയെ അയാൾ കാണുന്നു. ഈ നീചവൃത്തിക്കെതിരെ വാളൂരി ആക്രോശിച്ച അയാളോട് ഈ മരിച്ചുകിടക്കുന്നവരെല്ലാം ഇതിനേക്കാളും വലിയ കള്ളന്മാരും വഞ്ചകരുമാണെന്ന് കിഴവി ന്യായീകരിച്ചു. അതോടെ തനിക്കും മറ്റൊന്നാവാൻ ഒരിക്കലും സാധിക്കില്ലെന്നു തീരുമാനിച്ച് അയാൾ കിഴവിയുടെ വസ്ത്രം കൊള്ളയടിച്ചു.

നിലവിലെ ജീവിതാവസ്ഥയുടെ ഉജ്വല ചിത്രീകരണമാണെങ്കിൽ പോലും ലോകത്തിന്റെ നന്മയിൽ നിരാശനായിപ്പോയ കഥാകൃത്തിനെയാണ് നാമിവിടെ കാണുന്നത്. എന്നാൽ കുറോസാവയാകട്ടെ ഇതിനിടയിലും പ്രദീപ്തവും പ്രതീക്ഷാനിർഭരവുമായ ചില ദൃശ്യങ്ങളാണ് കണ്ടെടുക്കുന്നത്. മഴയിൽ റാഷമോൺ കവാടത്തിലഭയം തേടിയ വിറകുവെട്ടുകാരനും പുരോഹിതനും തങ്ങൾക്കുണ്ടായ കടുപ്പമുള്ളതും കയ്പ്പേറിയതുമായ അനുഭവങ്ങളുടെ വ്യത്യസ്ത ആഖ്യാനങ്ങൾ അതുപോലെ വന്നുകയറിയൊരു വഴിപോക്കനോട് വിവരിക്കുകയാണ്. ചിത്രാന്ത്യത്തിൽ, ഉപേക്ഷിക്കപ്പെട്ട ഒരു കുഞ്ഞിനെ നാം കാണുന്നു. വഴിപോക്കൻ ആ കുഞ്ഞിന്റെ വസ്ത്രം കവർന്നെടുത്ത് കടന്നു കളഞ്ഞു. ഞാനല്ലെങ്കിൽ മറ്റാരെങ്കിലുമതു ചെയ്യുമല്ലോ എന്ന ന്യായേന. ഇതാണ് അകുതഗാവയുടെ കഥയുടെ സമാപ്തി. കുറോസാവ വീണ്ടും മുന്നോട്ടുപോകുന്നു. കുഞ്ഞിനെ കൈയിലെടുത്ത് നിരാശനായി നിൽക്കുന്ന പുരോഹിതനിൽനിന്ന് അതിനെ ഏറ്റുവാങ്ങാൻ കൈകൾ നീട്ടുന്ന വിറകുവെട്ടുകാരനെ പുരോഹിതൻ അവിശ്വസിക്കുകയാണ്. എന്നാൽ കുഞ്ഞിന്റെ അവശേഷിച്ച വസ്ത്രത്തുണ്ടും കവരാനല്ല, സ്വന്തം കുഞ്ഞായി വളർത്താൻ എന്ന വിറകുവെട്ടുകാരന്റെ പ്രഖ്യാപനം പുരോഹിതനിൽ നഷ്ടപ്പെട്ട പ്രതീക്ഷ തിരിച്ചുകൊണ്ടുവന്നു. ജീവിതത്തെയും മനുഷ്യനെയും അവിശ്വസിക്കേണ്ടതില്ലെന്ന് തന്നെ പഠിപ്പിച്ചതിനദ്ദേഹം വിറകുവെട്ടുകാരന് നന്ദി പറഞ്ഞു. സ്വാർഥതയാൽ മനുഷ്യൻ ജീവിതത്തോടും ലോകത്തോടും എത്രത്തോളം നെറികെട്ടവനാകുന്നുവെന്ന് പറയുന്നതോടൊപ്പം മഹത്തരമായ ഒരു പ്രതീക്ഷയിൽ ജീവിതം നിലനിർത്താൻ പ്രേരിപ്പിക്കുന്ന ഒന്നിൽ കുറോസാവ ചിത്രമവസാനിപ്പിക്കുന്നു.

ഒ. ഹെൻട്രിയുടെ ബെർമാൻ (അവസാനത്തെ ഇല) എന്ന ചിത്രകാരൻ ജീവിതകാലം മുഴുവൻ തന്റെ മാസ്റ്റർ പീസ് രചിക്കാൻ പ്രമേയം ലഭിക്കാതെ ഒഴിഞ്ഞ കാൻവാസും ഉപയോഗിക്കാത്ത ബ്രഷും ചായങ്ങളുമായി കാത്തിരിക്കുകയാണ്. മതിലിൽ പറ്റിപ്പിടിച്ചുവളരുന്ന വള്ളിയിൽ ഇലകൾ കൊഴിയുന്നതിനനുസരിച്ച് തീർന്നുകൊണ്ടിരിക്കുന്ന ഒരു ജീവിതത്തെ നിലനിർത്താൻ വേണ്ടി മഴയും ഇടിമിന്നലുമുള്ള ഒരു രാത്രി അയാൾ തന്റെ ബ്രഷ് ചലിപ്പിച്ചു. മതിൽ അദ്ദേഹത്തിന്റെ മാസ്റ്റർപീസിന് കാൻവാസായിത്തീർന്നു. അങ്ങനെ ന്യുമോണിയ ബാധിച്ച് ബെർമാൻ മരിച്ചു. രോഗാതുരമായ ഒരു സമൂഹത്തെ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരാൻ കലാകാരൻ തന്റെ സർഗശേഷിയെ, തന്നെത്തന്നെ സമർപ്പിക്കുന്നു. അങ്ങനെ പുതിയ പ്രതീക്ഷകൾ നാമ്പെടുക്കുന്നു.

ഇത്തരം സർഗാത്മക യത്നങ്ങൾ പുരോഗമനോന്മുഖമായ ഒരു സമൂഹത്തിന്റെ സൃഷ്ടിപ്പിന് നിദാനമാകുന്നു. പരിവർത്തനത്തിന്റെയും വിപ്ലവത്തിന്റെയും ചാലകവും. നൈരാശ്യം ആത്മഹത്യയും മനോരോഗവും ഭീകരവാദവുമാണുൽപാദിപ്പിക്കുക. ദീപ്തമായ വീക്ഷണമവതരിപ്പിക്കുന്നതിലൂടെ വ്യക്തിയെ സംസ്കരിക്കാനും സാമൂഹികജീവിതത്തെ ഭദ്രമാക്കാനും സർഗാവിഷ്കാരങ്ങൾക്ക് സാധിക്കും. "ഉത്തമമായ കവിതകൾ മനസ്സിന് ഉന്മേഷം നൽകും; നിരീക്ഷണത്തെ പരിശീലിപ്പിക്കും; സാമൂഹിക വേഴ്ചയെ പ്രോത്സാഹിപ്പിക്കും; ജീവിത ദുഃഖങ്ങളെ ഭേദപ്പെടുത്തും; തന്റെ മാതാപിതാക്കളോടും നേതാക്കളോടുമുള്ള കർത്തവ്യങ്ങൾ പഠിപ്പിക്കും; പക്ഷികളുടെയും മൃഗങ്ങളുടെയും ചെടികളുടെയും പേരുകളെ വിസ്തൃതമായ തോതിൽ പരിചയപ്പെടുത്തും." (കണ്ഫ്യൂചിസ്).

### കലയുടെ ഉൽപത്തി

വർണ രൂപ ശബ്ദാദികളെയോ മൂർത്തമായ വസ്തുക്കളെയോ ഉപാധിയാക്കി സർഗശക്തിയുടെ സഹായത്തോടെ ആത്മാനുഭൂതിയെ ആവിഷ്കരിക്കുന്ന സൃഷ്ടി എന്ന് കലയെ നിർവചിക്കാറുമുണ്ട്. ഭാഷ ഉപാധിയാകുമ്പോൾ സാഹിത്യവും ഉണ്ടാകുന്നു. ശിലായുഗം മുതൽക്കേ മനുഷ്യൻ തന്റെ അനുഭവങ്ങളും അനുഭൂതികളും സവിശേഷ രൂപങ്ങളിൽ പകരാൻ ശ്രമിച്ചിട്ടുണ്ട്. ഗുഹകളിലും മറ്റും അതിനായി അവൻ ചിത്രങ്ങൾ വരച്ചുണ്ടാക്കി. പൊതുവേ കരുതപ്പെട്ടുപോരും പോലെ ആരാധനയുടെ അടയാളങ്ങളല്ല മിക്ക ചിത്രങ്ങളും. മറിച്ച് ചുറ്റുപാടുകളിൽനിന്ന് മനുഷ്യൻ ആർജിക്കുന്ന അനുഭൂതികൾ, ജീവിതവുമായി ബന്ധപ്പെട്ട സ്വപ്നങ്ങൾ തുടങ്ങിയവയും ആവിഷ്കാരത്തിലുണ്ട്.

എന്തിനെയും സർഗാത്മകമായ അനുഭവങ്ങളാക്കി മാറ്റാനുള്ള ത്വര പ്രകൃത്യാ തന്നെ മനുഷ്യനിലുണ്ട്. ആഹാരം, പാചകം, ദാമ്പത്യം, രതി തുടങ്ങിയവ പോലും വൈവിധ്യമാർന്ന അനുഭവങ്ങളാക്കിമാറ്റാൻ അവൻ ശ്രമിക്കുന്നു. ഈണങ്ങളോടും സംഗീതത്തോടും മനുഷ്യന്റെ ആഭിമുഖ്യം നൈസർഗികമാണ്. താരാട്ടിന്റെ ഈണം കുഞ്ഞിനെ ആനന്ദിപ്പിക്കും എന്നതുകൊണ്ടുതന്നെയാണ് അമ്മമാർ കുഞ്ഞുങ്ങളെ താരാട്ടിത്തലോടുന്നത്. പ്രത്യേകമായ ചില ഈണങ്ങൾ മനുഷ്യന് ഉന്മേഷവും പ്രവർത്തനോത്സുകതയുമുണ്ടാക്കും. നാടൻ തൊഴിലാളികൾ പാട്ടുപാടിക്കൊണ്ട് പണിയെടുക്കുന്നതതിനാലാണ്. നാടൻ പാട്ടുകൾ അതത് ജനതയുടെ സംസ്കാരവുമായി ബന്ധപ്പെട്ടു നിൽക്കുന്നു. വ്യത്യസ്തമായ തരത്തിലും അളവിലും ജന്തുലോകത്തും ഇത്തരം വാസനകൾ നിലനിൽക്കുന്നുണ്ട്. കായികാഭ്യാസം ശരീരത്തിനും ആരാധന ആത്മാവിനും ജ്ഞാനസമ്പാദനം ബുദ്ധിക്കും കല മനസ്സിനുമുള്ള പോഷകാഹാരങ്ങളാണ് (*യൂസുഫുൽ ഖറദാവി*/ഇസ്‌ലാമും കലയും).

ഇതൊരു മാനസിക ആത്മീയ പ്രക്രിയയാണ്. മനുഷ്യൻ കേവലം ഭൗതികം മാത്രമല്ലെന്നതിന്റെ അടയാളം. സ്രഷ്ടാവിന്റെ അനുഭൂതിയിൽനിന്നാണ് സൃഷ്ടി ഉണ്ടാകുന്നത്. അനുഭൂതി ആത്മീയമായ സംവേദനമാണ്. സൃഷ്ടി ദൈവിക ഗുണവുമാണ്. "അല്ലാഹുവിന്റെ സ്വഭാവം സ്വീകരിക്കുക എന്ന് പ്രവാചകൻ ഉപദേശിച്ചിട്ടുണ്ട്. മനോവ്യാപാരങ്ങളുടെ വിനിമയവും കൂടിയാണ് കലാവിഷ്കാരങ്ങളിലൂടെ സംഭവിക്കുന്നത്. അനുവാചകൻ സ്രഷ്ടാവിന്റെ അനുഭൂതികളെ സ്വന്തമെന്ന നിലയിൽ അറിയുന്നു. അതിലൂടെ പുതിയ അനുഭവങ്ങളുടെയും അറിവുകളുടെയും ലോകത്തിലേക്കുയരുന്നു.

ചുറ്റുപാടുകളോട് സജീവമായി പ്രതികരിക്കാനുള്ള കഴിവിനൊപ്പം പ്രതിഭ(Genius), വാസന(Talent), പാരമ്പര്യം(Tradition) എന്നിവയും ചേരുമ്പോൾ മഹത്തായ കല ഉണ്ടാകുന്നു. ജീവിതത്തെക്കുറിച്ച കലാകാരന്റെ ഉൾക്കാഴ്ച അതിലൂടെ ആവിഷ്കൃതമാകുന്നു. ഈയാവിഷ്കാരത്തിലൂടെ കലാകാരനും അവന്റെ ആശയ

ങ്ങൾ പങ്കുവെക്കുന്ന അനുവാചകനും ആനന്ദമനുഭവിക്കുന്നു. സർഗാത്മകത എന്ന മനുഷ്യ പ്രകൃതത്തിനു മേൽ തന്റെ സിദ്ധിയും അധ്വാനവും ചെലവഴിക്കുമ്പോഴാണതുണ്ടാകുന്നത്. മൺ പാത്രത്തിനു മേൽ രൂപങ്ങൾ കൊത്തിവെക്കുമ്പോൾ, പാത്രം കൊണ്ടുള്ള ആവശ്യങ്ങൾ നിറവേറ്റുന്നതിലൂടെ ലഭിക്കുന്ന ഭൗതിക സംതൃപ്തിയേക്കാൾ വലിയ മാനസികാനന്ദം മനുഷ്യന് ലഭിക്കുന്നു. മൺപാത്രമാകട്ടെ, പുതിയ സ്വത്വവും സ്വാതന്ത്ര്യവുമാർജിക്കുകയും ചെയ്യുന്നു. ഇങ്ങനെ വസ്തുക്കൾക്ക് ഉപയോഗാത്മകമായ ധർമത്തിനപ്പുറം മാനസികമായ ഒരസ്തിത്വമുണ്ടാകുന്നു. ഒരു വസ്തുവിന്റെ ഉപയോഗത എന്നതിനപ്പുറമുള്ള ആധ്യാത്മികമായ ആവശ്യകതയിൽനിന്നാണ് കലയുണ്ടാവുന്നതെന്ന് ഗരോദി പറയുന്നുണ്ട് (*മാർക്സിസവും കലയും*).

ഇസ്‌ലാമിക ലോകത്ത് വികസിച്ചുവന്ന അറബെസ്ക് എന്ന അലങ്കാരകലയെപ്പറ്റി ഇസ്മാഈൽ റാജി ഫാറൂഖി വിവരിക്കുന്നുണ്ട്. അത് അലങ്കരിക്കുന്ന വസ്തുവിന്റെ രൂപം മാറ്റുന്നു. എന്നുവെച്ചാൽ മുകളിൽ പറഞ്ഞതുപോലെ പുതിയ സ്വത്വമാർജിക്കുന്നു. അത് ആധ്യാത്മികമായൊരു ധർമമേൽക്കുന്നു. "ഈ ശൈലിക്ക് വിധേയമാകുന്ന വസ്തു അനന്തതയിലേക്കുള്ള ഒരു കവാടമായി ത്തീരുന്നു. അത് അനുവാചകനെ അനന്തതയിലേക്ക് നയിക്കുന്നു" (*തൗഹീദിന്റെ ദർശനം* - തൗഹീദ് സൗന്ദര്യശാസ്ത്രത്തിന്റെ കല എന്ന അധ്യായം).

ഇങ്ങനെ സർഗശേഷിയിലൂടെ തന്നെത്തന്നെ ആവിഷ്കരിക്കുക എന്നതോടൊപ്പം വസ്തുക്കൾക്ക് ആത്മീയവും ആന്തരികവുമായ വികാസമുണ്ടാക്കുക എന്ന ദൗത്യം കൂടി കലാകാരൻ പൂർത്തിയാക്കുന്നു. വസ്തുക്കളുടെ ആന്തരികമായ ധർമം തിരിച്ചറിയലും ആ തിരിച്ചറിവിൽ അവയുടെ സ്ഥാനമുയർത്തലും മനുഷ്യന്റെ ബാധ്യതയാണ്. അത് മനുഷ്യജീവിതത്തെയും ദൗത്യത്തേയും കുറിച്ച ഖുർആനിക കാഴ്ചപ്പാടും കൂടിയാണ്. ഭൂമി നന്മയാണ്, ആ ഭൂമിയിൽ നിർമാണ ചുമതല ഏൽപിക്കപ്പെട്ട ഖലീഫയാണ് മനുഷ്യൻ എന്നതൊക്കെ ഖുർആന്റെ നാഗരിക പാഠങ്ങളുടെ അടിസ്ഥാനങ്ങളാണല്ലോ.

## കലയുടെ ലക്ഷ്യങ്ങൾ

മനുഷ്യനെ മാനവീകരിക്കുകയെന്നതും മാനുഷികമായ കൂട്ടുജീവിത വ്യവസ്ഥിതി ഊട്ടിയുറപ്പിക്കുകയെന്നതും കലയുടെയും സാഹിത്യത്തിന്റെയും ലക്ഷ്യമായി പറയപ്പെട്ടിട്ടുണ്ട്. ഇതിലൂടെ നല്ല മനുഷ്യനും ഭദ്രമായ സമൂഹവുമുണ്ടാകുന്നു.

സമൂഹ നിരപേക്ഷമാണ് കലയെന്നും അതിന്റെ ധർമം ആത്മസംതൃപ്തി മാത്രമാണെന്നും വാദിക്കപ്പെടാറുണ്ട്. ആത്മസംതൃപ്തി വളരെ പ്രധാനം തന്നെ. എന്നാൽ സമൂഹ നിരപേക്ഷമല്ലല്ലോ മനുഷ്യനെന്ന സംവർഗം തന്നെയും. മനുഷ്യന്റെ ആത്മസംതൃപ്തിയും സ്വത്വ വിഷാദങ്ങളുമൊക്കെ ചുറ്റുപാടുകളുമായും ബന്ധപ്പെട്ടിരിക്കുന്നു. ഒരാളെ അയാളിലേക്കുതന്നെ ചുരുക്കുകയെന്നതാവരുത് പ്രതിഭയുടെ ലക്ഷ്യം. അത് മനുഷ്യനിൽ അന്യതാബോധവും അരക്ഷിതത്വവുമുണ്ടാക്കും.

ആത്മസംതൃപ്തിയെ ആത്മസംസ്കരണവുമായി ബന്ധപ്പെടുത്തിയാണ് മതം വിശദീകരിക്കുന്നത്. അങ്ങനെ ആവിഷ്കാരമെന്നത് ശുദ്ധീകരണമായി മാറുന്നു. വിപ്ലവാത്മകമായ സാമൂഹിക പ്രയോഗ സാധ്യതയെയാണ് മതം ഉൾക്കൊള്ളുന്നതെന്നതിനാൽ അത് സർഗവ്യാപാരങ്ങൾക്ക് വമ്പിച്ച സാമൂഹികമാനവും പ്രസക്തിയുമുണ്ടാക്കാൻ പരിശ്രമിക്കുന്നു.

കലയോടുള്ള മതത്തിന്റെ സമീപനത്തെ ഇമാം ഗസ്സാലി വിശദീകരിക്കുന്നുണ്ട്. സംഗീതത്തെയാണ് അദ്ദേഹം മുഖ്യമായും വിശകലനം ചെയ്യുന്നത്. സംഗീതത്തിൽ സവിശേഷമായ ഒരാധ്യാത്മികധാരക്ക് സൂഫികൾ രൂപവും വികാസവും നൽകിയിട്ടുണ്ട്. തൗഹീദിന്റെ ഗൂഢാർഥ സൗന്ദര്യം, ദൈവസ്നേഹം, അർപ്പണം, പ്രവാചക സ്നേഹം, മഹത്തുക്കളെക്കുറിച്ച അപദാനങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ ഗഹനവും ആത്മീയാനന്ദവും ഉൽക്കർഷവുമുളവാക്കുന്നതുമായ മഹാകാവ്യങ്ങളും സംഗീതവും സൂഫീധാരയിൽനിന്ന് രൂപംകൊണ്ടിട്ടുണ്ട്.

കല അഥവാ സംഗീതം മൂന്നു തരത്തിലുണ്ടെന്നാണ് ഗസ്സാലി വിവരിക്കുന്നത്. അദ്ദേഹത്തിന്റെ വീക്ഷണത്തിൽ സംഗീതം പുതുതായി എന്തെങ്കിലും മനസ്സിൽ സൃഷ്ടിക്കുകയല്ല, നമ്മിൽ നേരത്തെ തന്നെയുള്ള മാനവിക പ്രേരണകളെ പ്രചോദിപ്പിക്കുകയും ശക്തിപ്പെടുത്തി ഉച്ചസ്ഥിതിയിലെത്തിക്കുകയുമാണ് ചെയ്യുന്നത്. ഇപ്രകാരം അനുവാചകനിൽ സദ്വിചാരങ്ങളെയും ഉദാത്തവികാരങ്ങളെയും ഉണർത്തുകയും വളർത്തുകയും ചെയ്യുന്നവ ഒന്നാമത്തെ വിഭാഗം. സ്നേഹം, ഭക്തി, സമർപ്പണബോധം, ത്യാഗസന്നദ്ധത തുടങ്ങിയ വികാരങ്ങളെ ഉത്തേജിപ്പിക്കാൻ സർഗാവിഷ്കാരങ്ങൾക്ക് സാധിച്ചേക്കാം. അങ്ങനെ ദൈവത്തോടും പ്രണയിനി, മാതാപിതാക്കൾ തുടങ്ങി മനുഷ്യരോടുമുള്ള ത്യാഗനിർഭരമായ സ്നേഹവും സമൂഹത്തോടുള്ള പ്രതിബദ്ധതയും സമരോത്സുകതയും നമ്മിലുളവാക്കുന്നു. ഇതിന് വിപരീതമായി അധാർമിക പ്രേരണകളുണർത്താനും ജീവിതത്തെ ഭൗതികമായ ആർത്തികളിലും മാത്സര്യങ്ങളിലും തളച്ചിട്ട് വഴിതെറ്റിക്കാനും ശ്രമിക്കുന്ന ആവിഷ്കാരങ്ങൾ അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ പാപകർമങ്ങളാണ്. ഇപ്രകാരം നിഷിദ്ധമാവുന്ന സംഗീതത്തെ അദ്ദേഹം തരം തിരിക്കുന്നുണ്ട്.

കമ്പിവാദ്യം, കുഴൽവിളി തുടങ്ങിയവ നിഷിദ്ധമാക്കിക്കൊണ്ട് നബിവചനവുമുണ്ട്. മദ്യപാനികളുടെ സദസ്സുകളിൽ ഉപയോഗിക്കുന്നവയായതിനാലാണത് എന്ന് ഇമാം ഗസ്സാലി വ്യാഖ്യാനിക്കുന്നു. എന്നാൽ ഈ വ്യാഖ്യാനം ആവശ്യമില്ലെന്നും പ്രസ്തുത നബിവചനം വ്യാജമാണെന്നും യൂസുഫുൽ ഖറദാവി എഴുതുന്നുണ്ട്. ആധുനിക കാലത്ത് ഹിപ്പികളുടെ ഉപകരണങ്ങളാണ് ജാസും ബ്യൂഗിളും ഗിത്താറും. ഹിപ്പികളുടെ പ്രത്യയശാസ്ത്രത്തിലാകട്ടെ, അരാജകജീവിതശൈലി മാത്രമല്ല സ്വത്വമന്വേഷണവും ആത്മീയതയും സാമൂഹിക വിമർശനവുമൊക്കെയുണ്ട്. ഇത് അവരുടെ സംഗീതത്തിനും ബാധകമാണ്. നമ്മെ സംബന്ധിച്ചേടത്തോളം അതിൽ സ്വീകാര്യമായതും അസ്വീകാര്യമായതുമുണ്ടെന്നർഥം. ഇപ്രകാരം അവരുടെ സംഗീതത്തെത്തന്നെ തരംതിരിക്കാമെന്നിരിക്കെ ജാസും ബ്യൂഗിളും നിഷിദ്ധമാണെന്നു പറയുന്നതിലെന്തർഥമാണുള്ളത്? ■

(തുടരും)